# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. ശ്രീ. പി.ആർ. സജികുമാർ)

വിഷയം : തസ്വഭവ - കാലവർഷക്കെടുതി - ഓഫീസ് നടപടികളുടെ പുനഃക്രമീകരണം - ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

**ഉത്തരവ് നം. എ3-10718/2018/സിഇ/തസ്വഭവ തീയതി 21/08/2018**

കേരളത്തിലെ 14 ജില്ലകളിൽ ഏറ്റവും കൂടുതൽ വെള്ളപ്പൊക്കം ബാധിച്ച ജില്ലകൾ താഴെ പറയുന്നവയാണ്.

1) പത്തനംതിട്ട
2) കോട്ടയം
3) ആലപ്പുഴ
4) ഇടുക്കി
5) എറണാകുളം
6) തൃശ്ശൂർ
7) പാലക്കാട്
8) വയനാട്

ടി ജില്ലകളിൽ വെള്ളപ്പൊക്കത്തെത്തുടർന്ന് പല വീടുകളും വെള്ളം കയറി മുങ്ങിയതിനെ തുടർന്ന് വാസയോഗ്യമല്ലാതെ ആയിട്ടുള്ളതാണ്. കൂടാതെ, ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകൾ, കലുങ്ക്, ചെറിയ പാലങ്ങൾ, പാലം എന്നിവയ്ക്ക് കാര്യമായ തകർച്ച സംഭവിച്ചിട്ടുണ്ട്. സ്കൂൾ, സർക്കാർ ആശുപത്രി, പബ്ലിക് ഹെൽത്ത് സെന്റർ തുടങ്ങിയ പൊതു കെട്ടിടങ്ങൾക്കും തകർച്ച നേരിട്ടിട്ടുണ്ട്. സർക്കാരിൽ നിന്നുള്ള കർശന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞവ യുദ്ധകാലാടിസ്ഥാനത്തിൽ ഗതാഗതയോഗ്യവും, വാസയോഗ്യവും ആക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ മേൽ ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കർശനമായി എല്ലാ ഓഫീസുകളിലും ആവശ്യമായി ജീവനക്കാർ ഉണ്ടെന്ന് ആദ്യമായി ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം അടുത്ത ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെടാവുന്നതും, ആയതിന്റെ പകർപ്പ് ടി ഓഫീസിനെ നേരിൽ അറിയിക്കേണ്ടതുമാണ്. രണ്ടാമതായി എല്ലാ എഞ്ചിനീയറിംഗ് സ്റ്റാഫിനേയും പൂർണ്ണമായും ഇതിനായി നിയോഗിക്കേണ്ടതാണ്. എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും മറ്റ് ജീവനക്കാർക്കും എന്താണ് ചെയ്യേണ്ടതെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശം കൊടുക്കേണ്ടതാണ്. അതാത് പഞ്ചായത്തിലെ കേടുവന്ന

കൾവർട്ട്, പാലങ്ങൾ, റോഡ്, Retaining wall, Tarring portion, Public buildings എന്നിവയുടെ വാർഡ് തിരിച്ചുള്ള നഷ്ടത്തിന്റെ കണക്ക് ടി സ്ഥലങ്ങളിൽ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും Flood രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സ്കൂൾ, പൊതുകെട്ടിടങ്ങൾ മുതലായവ പരിശോധിച്ച് fit / unfit certificate ബന്ധപ്പെട്ടവർക്ക് എത്രയും പെട്ടെന്ന് നൽകേണ്ടതുമാണ്. ഇതിനുശേഷം ടി എഞ്ചിനീയറിംഗ് വിഭാഗം പ്രസിഡന്റ് / ചെയർമാൻ, സെക്രട്ടറി എന്നിവരെ ടി കാര്യങ്ങൾ അറിയിക്കുകയും, ചർച്ച ചെയ്യേണ്ടതാണ്. സന്നദ്ധ സേവനത്തിലൂടെ ആയവ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർ നേതൃത്വം നൽകേണ്ടതാണ്. ഇതിന് ആവശ്യമായ materials, labour sponsorship-ലൂടെയോ, NSS / NCC / Scout / SPC Volunteer-മാരെ സംഘടിപ്പിച്ചോ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് ജനപ്രതിനിധികളുടെ പിന്തുണയോടെയും, നിയന്ത്രണത്തിലും ചെയ്യേണ്ടതാണ്. ഇപ്രകാരമുള്ള പ്രവൃത്തികൾ എങ്ങനെ ചെയ്യാമെന്നുള്ള സാങ്കേതിക നിർദ്ദേശം മേലുദ്യോഗസ്ഥരും വിദഗ്ധരുമായി കൂടിയാലോചിച്ച് ചെയ്യേണ്ടതാണ്. ഇത്തരം പ്രവൃത്തികളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സൂക്ഷ്മനിരീക്ഷണം നടത്തേണ്ടതും, ഇപ്രകാരമുള്ള പ്രവൃത്തികൾ ചെയ്തുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. ആവശ്യമായ പ്രചരണം നടത്തി പ്രവൃത്തികൾ ചെയ്യേണ്ടതും, ആയതിന്റെ ഫോട്ടോഗ്രാഫ് (ആസ്തിയുടെ പേരോടുകൂടിയ - പ്രവൃത്തിയ്ക്ക് മുൻപും, പൂർത്തീകരണത്തിന് ശേഷവുമുള്ളത്) എടുത്ത് സൂക്ഷിക്കേണ്ടതുമാണ്. ഈ സമയത്താണ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ക്രിയാത്മകത പ്രദർശിപ്പിക്കേണ്ടതും, ആത്മാർത്ഥതയും അർപ്പണബോധവും വൈദഗ്ധ്യവും പ്രകടിപ്പിക്കാനുള്ള അവസരമായി കണക്കാക്കി ഊർജ്ജസ്വലതയോടെ പ്രവർത്തിക്കേണ്ടതാണ്. ഇനിയുള്ള അവധി ദിവസങ്ങൾ സർക്കാരിന്റെ നിർദ്ദേശം പാലിച്ചായിരിക്കണം. മറ്റുള്ള ജില്ലകളിലും മഴക്കെടുതിയിൽ നാശനഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ മേൽപ്പറഞ്ഞവ പിന്തുടരേണ്ടതാണ്. ദുരിതബാധിത ജില്ലകളിലെ യുദ്ധകാലാടിസ്ഥാനത്തിലുള്ള rectififcation നടത്തിയതിന്റെ റിപ്പോർട്ട് ഈ ഓഫീസിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ദിവസേന നൽകേണ്ടതും, ആയത് ഈ ഓഫീസ് മുഖേന പ്രിൻസിപ്പൽ സെക്രട്ടറി, വകുപ്പുമന്ത്രിയുടെ കാര്യാലയം എന്നിവിടങ്ങളിൽ നൽകേണ്ടതുണ്ട്. ആയതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലും എല്ലാവരേയും ക്രോഡീകരിച്ച് ടി കാര്യങ്ങൾ നടത്തുവാൻ അതത് ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഇത് വളരെ ഗൗരവമായിക്കണ്ട് ഏറ്റെടുത്ത് ഗ്രാമീണ-നഗരമേഖലയുടെ പുനരുദ്ധാരണം എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിംഗിന്റെ ചുമതലയാണെന്ന് കരുതി കാര്യക്ഷമമായി പ്രാവർത്തികമാക്കേണ്ടതാണ്. പുഴ മാറിയൊഴുകിയ സ്ഥലങ്ങളിൽ ജനപ്രതിനിധികളും, വിദഗ്ധരുമായി ആലോചിച്ച് ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. അടിയന്തിരമായ പ്രവൃത്തികൾ നടത്തുന്നതിനോടൊപ്പം permanent nature ഉള്ള പ്രവൃത്തികൾ ചെയ്യുന്നതിന് വേണ്ടിയുള്ള വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്.

ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ ദുരിതബാധിത ജില്ലകളിലെ കാര്യങ്ങൾ അപഗ്രഥിക്കുന്നതിനും, ക്രോഡീകരിച്ച് മേലോഫീസിലേയ്ക്ക് അയയ്ക്കുന്നതിനും ഈ ഓഫീസിൽ നിന്നും താഴെപ്പറയുന്നവരെ ചുമതലപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| 1 | പത്തനംതിട്ട | സന്തോഷ്. ജി, സീനിയർ സൂപ്രണ്ട് (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ അധിക ചുമതല) | 8606769443 |
| 2 | ആലപ്പുഴ | ഗീതാകൃഷ്ണൻ. കെ.ഐ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) | 9447584392 |
| 3 | കോട്ടയം | ലേഖ സി.എസ് (എക്സിക്യൂട്ടീവ് എഞ്ചിനീയർ) | 9497752878 |
| 4 | തൃശ്ശൂർ | മാലിനി. വി.കെ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) | 9446537646 |
| 5 | ഇടുക്കി | അജയകുമാർ. ആർ (ഹെഡ് ക്ലർക്ക്) | 9846663986 |
| 6 | പാലക്കാട് | ഹരികുമാർ. വി.കെ (ജൂനിയർ സൂപ്രണ്ട്) | 9496204479 |
| 7 | എറണാകുളം | ഗീതാകൃഷ്ണൻ. കെ.ഐ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) | 9447584392 |
| 8 | വയനാട് | മാലിനി. വി.കെ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) | 9446537646 |
| 9 | കണ്ണൂർ, മലപ്പുറം കാസറഗോഡ് | നമീർ. എം (അസിസ്റ്റന്റ് എഞ്ചിനീയർ) | 9895717034 |
| 10 | തിരുവനന്തപുരം, കൊല്ലം,കോഴിക്കോട് | ആശ. വി (അസിസ്റ്റന്റ് എഞ്ചിനീയർ) | 9567761281 |

ടി വിവരങ്ങൾ ക്രോഡീകരിക്കുന്നതിന് ഫസ്റ്റ് ഗ്രേഡ് ഓവർസിയർ അരുൺ. എസ് പിള്ള-യെ ചുമതലപ്പെടുത്തുന്നു.

**ഇപ്രകാരമുള്ള പ്രവൃത്തികൾ നാളെ മുതൽ തന്നെ ആരംഭിക്കേണ്ടതും, ഒരാഴ്ചയ്ക്കുള്ളിൽത്തന്നെ പൂർത്തീകരിക്കേണ്ടതും, എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിംഗ് ഇതൊരു വെല്ലുവിളിയായി ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുമാണ്.**

**ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.**

ചീഫ് എഞ്ചിനീയർ

പകർപ്പ് :- എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
വെബ്സൈറ്റ്
IKM

P 1121